# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

തൃശൂർ - 680 596

ഫോ: 0487 - 2207664 ഫാക്സ്: 0487 - 2207616,2207620

ഇ-മെയിൽ: genadmn@kuhs.ac.in


നം.8399/2019/ എ1/അഡ്മിൻ/കേആസ 10/02/2020

## വിജ്ഞാപനം

## കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ ഡെപ്യൂട്ടി കൺട്രോളർ ഓഫ് എക്സാമിനേഷൻ തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയിലെ ഡെപ്യൂട്ടി കൺട്രോളർ ഓഫ് എക്സാമിനേഷൻ (ടെക്നിക്കൽ) തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ സ്ഥിരനിയമനത്തിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന താഴെ പറയുന്ന യോഗ്യതകളുള്ള അദ്ധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്.

1) ഏതെങ്കിലും ഹെൽത്ത് സയൻസസ് വിഷയത്തിൽ നേടിയിട്ടുള്ള കേരള ആരോഗ്യശാസ്ത്ര സർവകലാശാല അംഗീകരിച്ച ബിരുദവും ബിരുദാനന്തര ബിരുദവും.
2) 10 വർഷത്തെ മുഴുവൻസമയ അധ്യാപന പരിചയം.
3) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർവകലാശാലാ/ കോളേജ്/ തത്തുല്യ സ്ഥാപനങ്ങളിൽ കുറഞ്ഞത് 3 വർഷത്തെ സർവകലാശാല-പരീക്ഷാ നടത്തിപ്പ് പരിചയം.

4) പ്രായം:- വിഞാപനത്തീയതിയിൽ 55 വയസ്സ് കവിയരുത്.

അപേക്ഷ, ബയോഡേറ്റ, സ്റ്റേറ്റ്മെന്റ് 144 എന്നിവ സ്ഥാപനമേധാവി/പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി രജിസ്ട്രാർ, ആരോഗ്യശാസ്ത്ര സർവകലാശാല, മെഡിക്കൽ കോളേജ് പിഒ, തൃശ്ശൂർ - 680 596 എന്ന വിലാസത്തിൽ 2020 ഫെബ്രുവരി 29 നകം ലഭിച്ചിരിക്കേണ്ടതാണ്. മുൻ വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്.

(ഒപ്പ്)

**രജിസ്ട്രാർ**